പ്രസന്നകേരളം

സി. നാരായണപിള്ള

# മി. പട്ടം എന്തിനു രാജിവയ്ക്കണം

## (മി. സി. ജെ.- യ്ക്കു മറുപടി)

ഒന്നു മി. സി. ജെ. തോമസ്സ് അഭിപ്രായപ്പെടുന്നു മി. പട്ടം താണുപിള്ള സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രസിഡന്റു സ്ഥാനം രാജി വയ്ക്കണമെന്ന്. അതനുസരിച്ച് രാജിവയ്ക്കുവാനുള്ള ശോഷ്ക്ക് മി. താണുപിള്ളയ്ക്കുണ്ടാകുമോ എന്ന കാര്യം ഇവിടെ ആലോചനാ വിഷയമാകേണ്ടതില്ല. എന്നാൽ മി. തോമസ്സിന്റെ പൊളിഞ്ഞ വാദമുഖങ്ങൾ ഒന്നു പരിശോധിക്കുന്നതു രസകരമായിരിക്കും.

1. മി. താണുപിള്ള സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രസിഡന്റു സ്ഥാനം അലങ്കരിച്ചു തുടങ്ങിയിട്ടു ദീർഘ കാലമായിരിക്കുന്നു.

2. കഴിഞ്ഞ സ്റ്റേറ്റ് കോൺഗ്രസ്സ് തെരഞ്ഞെടുപ്പിനെപ്പററി ആലപ്പുഴ ഡിവിഷൻ കമ്മററി ബോധിപ്പിച്ച പരാതികൾ അദ്ദേഹം ന്യായമായി തീർപ്പു ചെയ്തില്ല.

3. കമ്മ്യൂണിസ്റ്റുകളുടെ ശക്തികേന്ദ്രമായ ആലപ്പുഴ ചെന്ന് അദ്ദേഹം കമ്മ്യൂണിസ്റ്റ് കക്ഷിയെപ്പററിയുള്ള സ്വാഭിപ്രായങ്ങൾ തുറന്നു പ്രസ്താവിച്ചു.

4. നാട്ടു രാജ്യ പ്രശ്നത്തിൽ മി. പട്ടം യാതൊരു നേതൃത്വവും നൽകുന്നില്ല.

5. ബ്രിട്ടീഷിൻഡ്യയിൽ കോൺഗ്രസ്സ് കമ്മ്യൂണിസ്റ്റ് കക്ഷിയോടു അനുവർത്തിക്കുന്ന നയം മി. താണുപിള്ള തിരുവിതാംകൂറിലേയ്ക്കു പകർത്തുന്നു.

6. സ്റ്റേറ്റു കോൺഗ്രസ്സ് സ്വീകരിച്ചിട്ടുള്ള വിദ്യാഭ്യാസ നയത്തിനു അദ്ദേഹം എതിരാണ്.

മി. തോമസ്സിന്റെ അഭിപ്രായത്തിൽ ഇങ്ങനെ ആറു കാരണങ്ങളാലാണ് മി. താണുപിള്ള രാജി വയ്ക്കേണ്ടതു്.

"വിദ്യാഭ്യാസ രഹിത"രെന്നു മി. തോമസ്സ് തന്നെ മുദ്രയടിക്കുന്ന തൊഴിലാളികളുടെ മദ്ധ്യത്തിലും മററു കമ്മ്യൂണിസ്റ്റു കേന്ദ്രങ്ങളിലും ഒരു പക്ഷെ ഇത്തരം അന്തസ്സാര വിഹീനങ്ങളായ വാദമുഖങ്ങൾ വിലപ്പോകുമെങ്കിലും അവ സൂക്ഷ്മപ്രകാശം കൊള്ളിക്കുവാൻ കഴിയാത്തവണ്ണം അത്ര വളരെ ദുർബ്ബലപ്പെട്ടതാണെന്നുള്ള കാര്യം ലേഖകൻ ഇനിയെങ്കിലും മനസ്സിലാക്കേണ്ടതാണ്. അവ ഒന്നൊന്നായി ഒന്നു പരിശോധിച്ചു നോക്കാം.

### പ്രസിഡന്റു സ്ഥാനവും കാല ദൈർഘ്യവും

മി. തോമസ്സോ അദ്ദേഹത്തിന്റെ രീതിയിൽ അയഞ്ഞു ചിന്തിക്കുന്നവരോ അല്ല മി. താണുപിള്ളയെ പ്രസിഡന്റായി തെരഞ്ഞെടുത്തിട്ടുള്ളതു്. മി. താണുപിള്ളയുടെ അപേക്ഷ അനുസരിച്ചുമല്ല അദ്ദേഹത്തെ ആ സ്ഥാനത്തു വച്ചുകൊണ്ടിരിക്കുന്നതു്. ഒരു വ്യക്തിയുടെ ഹിതവും അപേക്ഷയുമനുസരിച്ച് ആൾക്കാരെ തെരഞ്ഞെടുക്കുവാനും അധികാരത്തിൽ വച്ചുകൊണ്ടിരിക്കുവാനുമുള്ള മൂഢന്മാരും "വിദ്യാവിഹീനരും" അടിമ ബുദ്ധികളും ആയ ഒരു സംഘം കോമാളികളുടെ ഒരു സംഘടനയല്ല സ്റ്റേററു കോൺഗ്രസ്സ്. സ്റ്റേററു കോൺഗ്രസ്സ് സംഘടനയ്ക്കു് ഒരു നിയമാവലിയുണ്ട്. ജനാധിപത്യ പരമായ തത്വങ്ങളാണ് അതിന്റെ അടിസ്ഥാനമായ പ്രമാണം. പരമാധികാരമുള്ള ഒരഖില തിരുവിതാംകൂർ കമ്മററിയുണ്ട്. പ്രസിഡന്റിനെ ആക്കുവാനും നീക്കുവാനും സംഘടനയ്ക്കധികാരമുണ്ട്. അഖില തിരുവിതാംകൂർ കമ്മററിയുടെ വിശ്വാസവും പിൻതുണയുമില്ലാത്ത ഒരാൾക്ക് കോൺഗ്രസ്സിന്റെ പ്രസിഡന്റു സ്ഥാനം ഒരു നിമിഷം പോലും വച്ചുകൊണ്ടിരിക്കുവാൻ കഴിയുകയില്ല. ഒരാളെത്തന്നെ ഒന്നിലധികം പ്രാവശ്യം തെരഞ്ഞെടുക്കുവാനും പ്രതിവർഷം ഓരോരുത്തരെ തെരഞ്ഞെടുക്കുവാനും ഡിവിഷൻ കമ്മററികൾക്ക് അധികാരമുണ്ട്. മി. പട്ടം താണുപിള്ളയെ തന്നെ തുടർച്ചയായി ഇന്നുവരെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അതദ്ദേഹത്തിന്റെ അപേക്ഷയോ ആഗ്രഹമോ അനുസരിച്ചല്ല. അതിലേയ്ക്കു വേണ്ടി യാതൊരു ഗൂഢ നയങ്ങളും അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളതായും അറിവില്ല. 1942ൽ അദ്ദേഹം സെൻട്രൽ ജയിലിൽ കഴിച്ചു കൂട്ടുന്ന കാലത്തുപോലും തിരുവനന്തപുരത്തു നടന്ന വാർഷിക സമ്മേളനത്തിന്റെ അദ്ധ്യക്ഷനായി ഡിവിഷൻ കമ്മററികൾ അദ്ദേഹത്തെയാണു തെരഞ്ഞെടുത്തതു്. പ്രസിഡന്റു സ്ഥാനം അലങ്കരിക്കുവാൻ ഏററവും പ്രാപ്തനും യോഗ്യനുമായ ദേശ ഭക്തനദ്ദേഹമാണെന്ന് സ്റ്റേററു കോൺഗ്രസ്സ് സംഘടന വിശ്വസിക്കുന്നതുകൊണ്ടാണ് തുടർച്ചയായി ആ സ്ഥാനത്തേയ്ക്കു അദ്ദേഹം തെരഞ്ഞെടുക്കപ്പെടുന്നതു്. മി. പട്ടം താണുപിള്ള ആ സ്ഥാനത്തേയ്ക്കർഹനല്ലെന്നു സംഘടനയ്ക്കു ബോധ്യപ്പെടുന്ന നിമിഷത്തിൽ ആരുടെ പ്രേരണയും കൂടാതെ തന്നെ അതു അദ്ദേഹത്തെ പുറത്തെറിഞ്ഞു കൊള്ളും. ഇത്ര ദീർഘകാലം ഒരു ജനകീയ സംഘടനയുടെ വിശ്വാസമദ്ദേഹത്തിനാർജ്ജിക്കുവാൻ കഴിഞ്ഞിതു് അ ദേ യാ ഗ്യ തയായിക്കരുതുന്ന കമ്മ്യൂണിസ്റ്റുകൾ അവരുടെ മാതൃരാജ്യമായ റഷ്യയിലേയ്ക്കു് തിരിഞ്ഞു സഖാവ്സ്റ്റാലിനെ സിംഹാസനത്തിൽ നിന്നിറക്കിവിടുവാൻ അവിടത്തെ സഹപ്രവർത്തകന്മാരോടപേക്ഷിക്കയാണ് ആദ്യം ചെയ്യേണ്ടതു്. പ്രസിഡന്റുസ്ഥാനത്തു പററിപ്പിടിച്ചുനില്ക്കണമെന്ന ആകാംക്ഷയല്ല പൊതുജനഹിതത്തെ ആദരിക്കുവാനുള്ള സന്മനസ്സാണ് ദീർഘകാല യാതനകൾക്കും ദുരിതങ്ങൾക്കും ശേഷം ഇന്നും ആ സ്ഥാനത്തു് അചഞ്ചലനായി അദ്ദേഹം ഉറച്ചുനില്ക്കുന്നതിൽ നിഷ്പക്ഷബുദ്ധികൾ കാണുന്നതു്. സ്വാഭിപ്രായങ്ങളിൽ വിശ്വാസമുള്ളവരും സംഘടനയുടെ പിൻബലമുള്ളവരും ആത്മാർത്ഥതയുള്ളവരും രാജിവെയ്ക്കണമെന്നാരോടും കെഞ്ചിയപേക്ഷിക്കയല്ല വേണ്ടതു്. പിന്നെയോ കൂടുതൽ യോഗ്യതയുള്ളവരെ കണ്ടുപിടിച്ച് തിരഞ്ഞെടുക്കയാണ് ചെയ്യേണ്ടതു്.

### ആലപ്പുഴ ഡിവിഷൻ കമ്മററിയുടെ പരാതി

തെരഞ്ഞെടുപ്പുകാര്യങ്ങളിൽ അനീതികളുണ്ടായിട്ടുണ്ടെന്ന് ആരെങ്കിലും പരാതിപ്പെട്ടാൽ അതിനെപ്പററി അന്വേഷിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാനും അന്വേഷണം നടത്തുവാനും ഉള്ള അധികാരം പ്രസിഡന്റിനല്ല. പിന്നെയോ വർക്കിംഗ് കമ്മററിക്കാണ്.

## വിഷയവിവരം


1. പട്ടം എന്തിനു രാജിവയ്ക്കണം—സി. നാരായണപിള്ള ബി. എ. ബി. എൽ.
2. പട്ടണത്തിൽ വെച്ച് (ചെറുകഥ)—കെ. വി. രാമകൃഷ്ണൻ ബി.എസ്സ് സി.
3. നിവേദനം (ഗ്രന്ഥവിഹാരം)—ഏ. ബാലകൃഷ്ണപിള്ള
4. ജാഥായ്ക്കുശേഷം (വിനോദം) —ഗോപി
5. നമ്മുടെ സാഹിത്യത്തിന്റെ ഭാവി—കേശവദേവ്
6. ശൈശവ ജീവിതത്തിലെ അനുഭവജ്ഞാനം— മിസ് അക്കമ്മചെറിയാൻ
7. തൊഴിലാളികളുടെയും നാട്ടുകാരുടെയും വിജയം. —പി. കൃഷ്ണപിള്ള.
8. നവോഷസ്—കെ. സുരേന്ദ്രൻ
9. ഐവാൻ നിക്കുലിൻ നോവൽ പംക്തി



പ്രസന്നകേരളം.

ദേശീയ വാരിക.

പുസ്തകം 18 ലക്കം 9

30—6—46.

വില 2 അണ.

"എടീ ജാനൂ! . . ഹും അവളുടെ അഹംഭാവം! നിനക്കു ചോദിക്കാൻ വയ്യെങ്കിൽ ഞാൻ ചോദിക്കാം.-കുഞ്ഞേ! ഒരു പത്തുരൂപാ എടുക്കാനുണ്ടോ? നാളെത്തന്നെ തിരിയെത്തരാം."

പ്രഭാകരൻ ഒരുനിമിഷം ആലോചിച്ചുനിന്നിട്ടു പത്തു രൂപാ കൊടുത്തു. .

കതകടച്ചു് പകുതിവായിച്ചിട്ടിരുന്ന ഒരു നോവലിൽ പ്രഭ ശ്രദ്ധചെലുത്താൻ ഭാവിച്ചു. സമയം അധികംമുന്നോട്ടു പോയില്ല. വാതലിൽ വീണ്ടും ഒരു തട്ടുകേട്ടു. അക്ഷമനായി അയാൾ കതകു തുറന്നു.

അതു ജാനുവായിരുന്നു.- ശ്രീധരന്റെ സഹോദരി. കുളികഴിഞ്ഞു് ഈറൻ മാറാതെ തന്റെ സമീപം വന്നു നിൽക്കുന്ന ആ യുവതിയെ പ്രഭ എന്തുകൊണ്ടോ വെറുത്തു. ആ സ്ത്രീയുടെ പെരുമാറ്റത്തിലും ചേഷ്ടകളിലും സ്ത്രീകൾക്കു യോജിക്കാത്ത ഒരംശം കലർന്നിരുന്നു. അവളുടെ നനഞ്ഞ വസ്ത്രങ്ങൾ ദേഹസൗഷ്ഠവത്തെ കുറഞ്ഞൊന്നു് എടുത്തുകാണിച്ചു. അയാൾ അറിയാതെയൊന്നു വിഷമിച്ചു. ആ രംഗത്തിൽ നാണംപൂണ്ടതു് അയാളല്ല-അവളാണു്.

"കുറച്ചു പൗഡർ തരാമോ?" ഏററവും ആകർഷകമായ വിധത്തിൽ അവൾ ചോദിച്ചു.

ഗ്രാമീണനാണെങ്കിലും പൗഡർ വാങ്ങാൻ മാത്രമുള്ള പരിഷ്ക്കാരം പ്രഭ സമ്പാദിച്ചുകഴിഞ്ഞിരുന്നു.

"തരാമല്ലോ" അയാൾ പൗഡർ നൽകി. സങ്കോചം കൂടാതെ അവൾ അവിടെ നിന്നുകൊണ്ടുതന്നെ അവൾ അതുപയോഗിച്ചു. ആ സമയമെല്ലാം അവൾ ചിരിക്കയായിരുന്നു. .

ഊണുകഴിഞ്ഞു് സെക്കൻഷോ സിനിമായ്ക്കു പോയാലെന്തെന്നു പ്രഭ ആലോചിച്ചു. ശ്രീധരനെ അയാൾ ക്ഷണിച്ചു. പക്ഷേ ശ്രീധർ ഒഴിഞ്ഞുകളഞ്ഞു;

സിനിമ കഴിഞ്ഞു. രാത്രി പകുതിയായിക്കാണും. പ്രഭാകരൻ മടങ്ങി. ശ്രീധരന്റെ വീടു സ്ഥിതിചെയ്യുന്ന ഇടവഴിയിൽ എത്തിയപ്പോൾ ഇരുട്ടിൽ രണ്ടുരൂപങ്ങൾ അയാൾക്കു ദൃശ്യമായി. പ്രഭയുടെ കാൽപെരുമാററം കേട്ടു തുടങ്ങിയപ്പോൾ ആ രൂപങ്ങൾ മൃത്രമൊഴിക്കാനെന്നുള്ള വ്യാജേന ഇരുന്നുകളഞ്ഞു

[illegible]വീട്ടിനകത്തു കയറിയപ്പോൾ ഒരാൾ ധൃതിയിൽ ഇറങ്ങിപ്പോകുന്നതു കണ്ടു. അതു ശ്രീധർ അല്ലായിരുന്നു

ശബ്ദമുണ്ടാക്കാതെ പ്രഭ അയാളുടെ മുറിയിൽ പ്രവേശിച്ചു. വളരെനേരംകഴിഞ്ഞെ അയാൾക്കു് ഉറങ്ങാൻ സാധിച്ചുള്ളു

നേരം പുലർന്നപ്പോൾ ശ്രീധർ ചോദിച്ചു. "ഫിലിം നന്നായിരുന്നോ? എത്ര മണിക്കു തിരിച്ചെത്തി?"

ഞാൻ സിനിമ കഴിഞ്ഞുവളരെ നേരം കഴിഞ്ഞാണു മടങ്ങിയതു. ഒരു പഴയ കൂട്ടുകാരനെ കണ്ടുകിട്ടി. പ്രഭ ഒരു കള്ളം തട്ടിവിട്ടു

ശ്രീധർ സംതൃപ്തനായി നടന്നുപോയി.

സായാഹ്നസമയമായിരുന്നതിനാൽ വേഗം ദിനചര്യകൾ കഴിഞ്ഞിട്ടു പ്രഭ കാഴ്ചബംഗ്ലാവിലേക്കു തിരിച്ചു

വഴിയരികിലുള്ള ഒരു സിഗററുകടക്കാരൻ ഒന്നു ശങ്കിച്ചിട്ടു പ്രഭയെ വിളിച്ചു

"സാറേ"

പ്രഭനിന്നു. ആ കടക്കാരനു് എന്തോ പറയാനുണ്ടായിരുന്നു.

"സാറേ: സാറിനു ആ വീട്ടുകാരുമായി ബന്ധമുണ്ടോ?

"എന്താണങ്ങനെ ചോദിക്കുന്നതു്" നെററിചുളിച്ചിട്ടു പ്രഭ ചോദിച്ചു.

ചില സംഗതികൾ പറയാമെന്നുവച്ചാണു്. ആ സിഗററുകടക്കാരൻ ഒന്നു പരുങ്ങി

"പറഞ്ഞുകൊള്ളണം. ഞാൻ അവരുടെ ബന്ധുവല്ല. അവിടെ താമസിക്കുന്നുവെന്നു മാത്രം"

സാറേ, പറയുന്നതുകൊണ്ടു മറെറാന്നും വിചാരിക്കരുതു്. അവരു് ആളുചീത്തയാ സാറേ!

തലേന്നു രാത്രി, താൻ ഇരുട്ടിൽ കണ്ട രൂപങ്ങളെ പ്രഭാകരൻ ഓർത്തു

സാറേ! അവിടൊരു പെൺകുട്ടിയുണ്ടല്ലോ. അതിനൊരു നല്ല സംബന്ധം ചെയ്യണമെന്നും ഒരു വിചാരമുണ്ടവർക്കു്, പക്ഷേ, ഇവിടുള്ള ഒരു പട്ടിയും തിരിഞ്ഞുനോക്കയില്ല സാറേ! അവരുടെ നടപടികൾ ഇവിടുത്തുകാർക്കെല്ലാമറിയാം

പ്രഭാകരൻ സംശയിച്ചു. "പിന്നെ അവർ മാനമായി കഴിഞ്ഞുപോകുന്നതെങ്ങനെ?

എന്തോന്നുമാനം സാറേ?

ഞാനിവിടെ കടയിട്ടിട്ടു കഴിഞ്ഞ തുലാമാസം നാലുകൊല്ലം തികഞ്ഞു. ഞാനറിയാത്ത മാനം എന്തോന്നവർക്കു്?

പ്രഭാകരൻ ചിരിച്ചുപോയി. സാറേ! എനിക്കെന്തോ കാര്യം സാധിക്കാനാണെന്നു സാർ വിചാരിക്കരുതു്. . . പക്ഷേ, സാർ അവിടന്നു മാറണം സാറേ!

"സമയമായി. ബെല്ലടിക്കുന്നു" മറുപടിയൊന്നും പറയാതെ, പ്രഭാകരൻ നടന്നുകളഞ്ഞു.

അവർ ചീത്തയാണോ? ജാനുവിന്റെ അഴിഞ്ഞാട്ടവും, വൃദ്ധയുടെ അർത്ഥവത്തായ ചോദ്യങ്ങളും, എല്ലാത്തിനും പുറമെ ആ ഇരുളിൽകണ്ട രൂപങ്ങളും- പക്ഷേ പുറമെ മാന്യരായി തോന്നുന്ന ആ കൂട്ടർ എങ്ങനെ ചീത്തയാകാനാണു്? പ്രഭയ്ക്കു പല സംശയങ്ങളായിരുന്നു

ക്ലാസ്സുകഴിഞ്ഞു പ്രഭ താമസസ്ഥലത്തേക്കു മടങ്ങിയെത്തി. അയാളുടെ ചെവിയിൽ ഒരു സംഭാഷണത്തിലെ അംശങ്ങൾ വന്നു പതിച്ചു.

. . . പക്ഷേ അമ്മാ! അയാളു തീരെ ശ്രദ്ധ കാണിക്കുന്നില്ല. ഞാൻ വളരെയൊക്കെ നോക്കി.

അങ്ങനെ - പറഞ്ഞാൽപ്പോര മോളേ! ഇയാളു ശുദ്ധ മണ്ടനാ! കാശുള്ള കൂട്ടത്തിലുമാ.

അതിനിപ്പമെന്തുചെയ്യും? എന്നെ നോക്കി ഒന്നു ചിരിക്കണമല്ലോ—? എങ്ങ് ഹേ! ഒരു വെറും മരങ്ങോടൻ.

ഇയാളെ വിടാൻ പാടില്ല ജാനൂ-ഞാനൊരു വേല നോക്കട്ടെ!

എന്തോ കുഴപ്പമുണ്ടാകുമെന്നു പ്രഭാകരനു മനസ്സിലാക്കാൻ സാധിച്ചു.

രാത്രിയായപ്പോൾ ഗൗരവഭാവത്തിൽ ശ്രീധർ കയറിവന്നു

ഹേ! പ്രഭാകരൻ! ഇങ്ങനെയാണല്ലേ പെരുമാററം? താനെന്തോന്നാ ഭേ, എന്റെ സഹോദരിയോടു സംസാരിച്ചതു് ഏങ്ങു്? അവരുടെ കയ്യു കടന്നു

---

അടുത്തലക്കത്തിൽ

## ലുബ്ധന്റെ മുതൽ

ചെറുകഥ

## തകഴി

---

പിടിക്കാൻ ഇയാളാരു്? നോക്കി; നോക്കി നല്ലയാളിനെയാണു ഞാൻ വീട്ടിൽകൊണ്ടുവന്നതു്.

പ്രഭാകരൻ ഞെട്ടിപ്പോയി. "എന്താണിതിന്റെയൊക്കെ അർത്ഥം"

"അർത്ഥമോ? എടീ ജാനൂ-" ജാനു കതകിന്റെ മറവിൽ നിന്നുകൊണ്ടു്, തലനീട്ടി.

"ചേട്ടാ! ഇങ്ങേരെന്നെ കല്യാണം കഴിച്ചുകൊള്ളാമെന്നു പറഞ്ഞു. . . . അതുകൊണ്ടാണു്."

വാസ്തവമാണോ [illegible]മി. പ്രഭാ? പ്രഭാകരൻ മുമ്പു കേട്ട സംഭാഷണം ഓർത്തു. അയാൾക്കു ഈ തന്ത്രം മുഴുവൻ മനസ്സിലാക്കാൻ സാധിച്ചു.

"ഉപാക്രിത്തരത്തിനും അതിരുണ്ടു്, ശ്രീധർ! നാളെ രാവിലെ ഞാൻ സ്ഥലം വിടുകയാണു്."

കുറെനേരത്തെ അസഭ്യം പുലമ്പിയിട്ടു്, വൃദ്ധയും ശ്രീധറും ജാനുവും ശാന്തരായി. വഴക്കുകേട്ടു് ആളുകൂടുകയാണെങ്കിൽ, അവരുടെ അനുകമ്പ ലഭിക്കുന്നതു് പ്രഭക്കായിരിക്കുമെന്നു വൃദ്ധക്കറിയാമായിരുന്നു.

. . .പ്രഭാകരൻ വീണ്ടും പോററിഹോട്ടലിലേക്കു മാറി. അയാൾക്കു കുറെ രൂപ മാത്രമേ നഷ്ടപ്പെട്ടിരുന്നുള്ളു. സിഗററുകടക്കാരനോടു പ്രഭ കഥയെല്ലാം പറഞ്ഞു.

അഞ്ചാറുമാസം കഴിഞ്ഞു്, പ്രഭ ഒരു സ്നേഹിതനു എഴുതുകയായിരുന്നു.

". . . അന്നു ഞാൻ ഒരു വീട്ടുകാരെപ്പററി എഴുതിയിരുന്നതു ഓർക്കമല്ലോ. രസകരമായ ഒരു സംഭവം അവിടെ നടന്നിരിക്കുന്നു. വടക്കുനിന്നു വന്നിരുന്ന ഒരു പിഷാരടി—അയാൾ ബി ഏ യ്ക്കു് പഠിക്കയാണു്— ആ ജാനുവിനെ രജിസ്ററർ വിവാഹം ചെയ്തിരിക്കുന്നു. പിഷാരടിക്കു വലിയ അബദ്ധം പിണഞ്ഞിരിക്കയാണു്. ആ വീട്ടുകാർ മാന്യരാണെന്ന വിശ്വാസത്തിൽ, ഈ മനുഷ്യൻ ജാനുവിനെ "പരിശുദ്ധമായി" പ്രണയിക്കയായിരുന്നു. അവരെ ഒരുമിച്ചു കണ്ട ശ്രീധർ, പിഷാരടിയെ ഭീഷണിപ്പെടുത്തി രജിസ്ററർ വിവാഹം നടത്തിക്കയും ചെയ്തു. (പണ്ടു ഇതെസ്സൂത്രംഎന്നോടു ആ മനുഷ്യൻ എടുത്തതാണു്.) പാവം പിഷാരടി! ഇപ്പോൾ വിവാഹമോചനത്തിനു മാർഗ്ഗമെന്തെന്നു ആ വിഡ്ഢി ആലോചിക്കയാണു്. ഒന്നുകൂടി—പിഷാരടി ഇവളെ വിവാഹം ചെയ്യുമ്പോഴേ ഇവൾ ഗർഭിണിയാണു്. . . "


ആ പ്രസിദ്ധനാടകം

## അനശ്വരതയിലേക്കുള്ള ക്ഷണം

ഗ്രന്ഥകർത്താ- കെ അഹമ്മദ് അബ്ബാസ്
വിവർത്തകൻ- വി വി വർക്കി, എം ഏ
കഥാപാത്രങ്ങൾ

ഹിററ്ലർ, പുരോഹിതൻ, തൊഴിലാളി, സിനിമാതാരം, ശാസ്ത്രജ്ഞൻ, ശാസ്ത്രജ്ഞന്റെ ഭാര്യ, ജോൺബുൾ. എല്ലാവരുടെയും ചിത്രങ്ങളും ഇതിൽ ചേർത്തിരിക്കുന്നു. വില 12 ണ.

## പുരോഗമനസാഹിത്യം എന്തിനു്?

എം പി പോൾ, മുണ്ടശ്ശേരി, കുററിപ്പുഴ തുടങ്ങിയവരുടെ പ്രസംഗങ്ങൾ വില 1—4—0

നാഷണൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ, കോട്ടയം

പി. കേശവദേവ്

# നമ്മുടെ സാഹിത്യത്തിന്റെ ഭാവി

## ചില നിർദ്ദേശങ്ങൾ

ഭൂതകാലത്തിന്റെ പാട്ടും പാടി നടന്നിരുന്ന സാഹിത്യകാരന്മാർ മിക്കവരും വർത്തമാനകാലത്തിലെ സാഹിത്യപരിവർത്തനങ്ങളെ, "മനസ്സില്ലാമനസ്സോടെ"യാണെങ്കിലും, അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും അങ്ങിങ്ങായി ചില 'കരിന്തിരി'കൾ കത്തുന്നുണ്ട്. അവയെ അവഗണിക്കത്തക്ക വിധം, അവ അത്ര നിസ്സാരങ്ങളാണ്.

ഈ മാററത്തിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി, രാഷ്ട്രീയവും സാമൂഹ്യവുമായ പരിവർത്തനങ്ങളെപ്പോലെ തന്നെ, സാഹിത്യത്തിലുണ്ടാകുന്ന പരിവർത്തനവും തടുത്താൽ നിൽക്കുന്നതല്ലെന്നു യാഥാസ്ഥിതിക സാഹിത്യകാരന്മാർക്കു ബോധ്യമായി. ജയിക്കുന്ന പക്ഷത്തു ചേർന്നില്ലെങ്കിൽ, സ്വന്തം നില അപകടത്തിലാകുമെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ട്, അവരിൽ ചിലർ ബുദ്ധിപൂർവം പരിവർത്തനത്തിന്റെ മുന്നണിയിലേക്കു തന്നെ ഇരച്ചു കയറുവാൻ തുടങ്ങിയിട്ടുണ്ട്. അതങ്ങിനെ ഇരിക്കട്ടെ.

രണ്ടാമത്തെ കാരണമെന്തെന്നു നോക്കാം. പുതുമയ്ക്കു വേണ്ടിയുള്ള സമരം, പഴമയോടുള്ള ശത്രുതകൊണ്ടാണെന്നു പഴമക്കാർ തെററിദ്ധരിക്കുകയും, തെററിദ്ധരിപ്പിക്കുകയും ചെയ്തിരുന്നു. ഇങ്ങിനെ ഒരു തെററിദ്ധാരണയുണ്ടാകുവാൻ പുതുമക്കാർ കുറെയൊക്കെ കാരണക്കാരാണുതാനും. പുതിയതെല്ലാം അശുദ്ധമാണെന്നും, ആർഷസംസ്കാരത്തിൽ ഇണങ്ങിച്ചേരാത്തതാണെന്നും, തൻനിമിത്തം വർജ്ജ്യങ്ങളാണെന്നും പഴമക്കാർ ശഠിച്ചപ്പോൾ, പുതുമയുടെ സൃഷ്ടികർത്താക്കൾക്കു വാശിയുണ്ടായി. അതു സ്വാഭാവികമാണല്ലോ. പുതുമക്കാർ "പല്ലിനു പല്ല്, കണ്ണിനു കണ്ണ്" എന്ന ന്യായപ്രകാരം, പഴമയുടെ അവശിഷ്ടങ്ങളെ ചുട്ടു ചാമ്പലാക്കണമെന്നു വാദിച്ചു. പൂർവ്വികന്മാരുടെ ബുദ്ധിശക്തിയിലും സൃഷ്ടികൌശലത്തിലും ബഹുമാനമില്ലായ്കകൊണ്ടല്ല; പഴയതിലുള്ള നന്മകളെ സ്വീകരിക്കുവാൻ മനസ്സില്ലാഞ്ഞിട്ടുമല്ല; മുന്നോട്ടുള്ള ഓരോ അടി വയ്പിലും പഴമയുടെ അസ്ഥിക്കഷണങ്ങൾ വിലങ്ങടിച്ചു കിടക്കുന്നതു കണ്ടിട്ടുണ്ടായ കോപംകൊണ്ടുമാത്രമാണ്, പുതുമക്കാർ അങ്ങിനെയൊക്കെ വാദിച്ചതു്. അവരിൽ ചിലർ, പഴയ കവികളെയും കലാകാരന്മാരെയും നിരൂപണം ചെയ്തു. പഴമയെ പുതുമയുടെ ഉരകല്ലിൽ ഉരച്ചു നോക്കി. പഴമ, അത്രയധികം മാററുള്ളതും മററുമല്ലെന്നും, പഴയമയേക്കാൾ മാററുകൂടുന്നതു പുതുമയ്ക്കാണെന്നും അവർ വെളിപ്പെടുത്തി. ഇതു കണ്ടു കലികൊണ്ട പഴമക്കാർ പുതുമയുടെ നേരെ അലറുവാൻ തുടങ്ങി. പുതുമക്കാർ 'ഗുരുത്വമില്ലാത്തവരാണെന്നു ശപിച്ചു. മലയാളസാഹിത്യത്തിലുണ്ടായ ഈ തീവ്രസമരം ഏതാണ്ട് ഒന്നരക്കൊല്ലം നീണ്ടുനിന്നു. ഇപ്പോൾ പഴമക്കാർക്കു മനസ്സിലായിട്ടുണ്ട്, പഴമ അവരുടേതു മാത്രമല്ലെന്നും, പുതുമക്കാരും പഴമയുടെ അവകാശികളാണെന്നും. പൂർവ്വികന്മാർ ചെയ്തതുപോലെതന്നെ മാനസികസൃഷ്ടി ചെയ്യുവാനുള്ള സ്വാതന്ത്ര്യം മാത്രമേ തങ്ങൾ ആവശ്യപ്പെടുന്നുള്ളു എന്നും; പഴമയുടെ പിറകേ പോകുവാൻ തയാറില്ലെങ്കിലും പഴമയോടു തങ്ങൾക്കു ശത്രുതയൊന്നുമില്ലെന്നും, ബഹുമാനമുണ്ടെന്നും, പുതുമക്കാർ വ്യക്തമാക്കി. അതോടുകൂടി സമരം ഏതാണ്ട് അവസാനിച്ചിരിക്കയാണ്. റൊമെയിൻ റോളണ്ട് മാക്സിം ഗോർക്കിക്കു എഴുതിയ ഒരു കത്തിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"ഞാൻ ഭൂതകാലത്തെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. പക്ഷെ, ഭാവികാലം ഭൂതകാലത്തേക്കാൾ മെച്ചമേറിയതായിരിക്കണമെന്നാണെന്റെ ആഗ്രഹം." പുതുമക്കാർക്കു പറയുവാനുള്ളതും ഇതുതന്നെയാണ്.

പുതുമയും പഴമയും തമ്മിലുള്ള മൽസരത്തെപ്പററിയാണിതുവരെ പറഞ്ഞതു്. ഇനി പുതുമയുടെ നേട്ടങ്ങളെന്തൊക്കെ

---

ത്തിപിടലി എന്നർത്ഥമുള്ള 'പി', ആക്കിയതു അവരാണ്. ഇനി വരാൻപോകുന്ന നിയോ ഫ്യൂച്ചറിസ്റ്റ് കാലഘട്ടത്തിനു അക്ഷരപരാജയകാലഘട്ടമെന്നു പറയാം. അപ്പോൾ ഇന്നുള്ള ഏതെല്ലാം അക്ഷരങ്ങളാണ് അതേരൂപത്തിൽ ബാക്കി ശേഷിക്കുന്നതെന്ന് കണ്ടറിയണമെന്നാണ് ഫ്രാഞ്ചിസസ്സ്വാമി അഭിപ്രായപ്പെട്ടതു്. ഇൻഡോ റോമൻ അക്ഷരങ്ങളും ദ്രാവിഡസെമിററിക്ക് അക്ഷരങ്ങളും കൂടി കലന്നു ഒരു ആൻഫാഡബിൾ പ്ളസ് എസ്പരാന്തോ അക്ഷരമാല—" ഈ ഒടുവിലത്തെ വാക്കെഴുതിയപ്പോൾ അതിന്റെ ശക്തികൊണ്ട് എന്റെ പെൻസിലിന്റെ മുന ഒടിഞ്ഞു. അതുവെട്ടാനൊന്നുള്ള വ്യാജേന ഞാൻ പുറത്തു കടന്ന് ഓടിരക്ഷപെട്ടു.

ഇതിനിടയിൽ ഈ പ്രസ്ഥാനത്തിൽപ്പെട്ട് ഉർദുവിനു വല്ല കുഴപ്പവും പററിപ്പോകുമെന്നു ഭയപ്പെട്ട ഇവിടത്തെ ചില മുസ്ലീംലീഗുകാർ ജിന്നാ സാഹേബിനു കമ്പിയടിച്ചു. "ഇവിടെ അക്ഷരം മറിച്ചിട്ടുവരുന്നു. ഉർദുവിന്റെ കാര്യം കയ്യിൽ ആസാം സൂക്ഷിക്കണം." "സാരമില്ല, അതു തിരിച്ചിട്ടാലും മറിച്ചിട്ടാലും ഒരുപോലിരിക്കും" എന്നു മറുപടി അന്തരീക്ഷത്തിലെ വിഭ്രാന്തിയെ തെല്ലു ശമിപ്പിച്ചു. വലിയൊരത്യാഹിതം നീങ്ങിക്കിട്ടി. മലയാളംപോലെ ഉർദുവിനോടു തൊട്ടുകളിക്കാൻ സൂക്ഷിക്കണം. അതു ഉടമസ്ഥനുള്ള ഭാഷയാണ്.

ഇത്രയുമെഴുതിക്കഴിഞ്ഞപ്പോഴാണ് ഇന്നു രാവിലെ ഗവർമ്മെൻറിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്സുനോട്ടു കണ്ടതു്, അതു സ്റ്റോപ്പ് പ്രസ്സിൽ ചേർക്കണം. പ്രസ്സ് സ്റ്റോപ്പു ചെയ്തു ചേർത്തില്ലെങ്കിൽ ഞാൻ വന്നു സ്റ്റോപ്പു ചെയ്യും. പറഞ്ഞേക്കാം.

## Stop press

അക്ഷരബഹളം സംബന്ധിച്ചു ഗവർമ്മെണ്ടിൽ നിന്നു താഴെക്കാണുന്ന പ്രസ്സ്നോട്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. "നവീനങ്ങളായ ശബ്ദങ്ങളുടെനിർമ്മാണത്തിനെന്നു പറഞ്ഞു പരമ്പരയാ മലയാളികൾ ഉപയോഗിച്ചുപോന്ന അക്ഷരങ്ങളെ മറിച്ചും തിരിച്ചും ഏങ്കോണിച്ചും വികൃതമാക്കിയും ചില സാഹിത്യകാരന്മാർ ഉപയോഗിച്ചുവരുന്നതായും, തന്മൂലം പ്രസ്സ്ജോലിക്കാരുടെയും വായനക്കാരുടെയും ഇടയിൽ അസംതൃപ്തിയും പ്രക്ഷോഭണവും, ആക്രമണമനസ്ഥിതിയും ഉണ്ടായിരിക്കുന്നതായും ജനങ്ങൾ ജാഥാകളും ഘോഷയാത്രകളും പബ്ലിക്ക് മീററിംഗുകളും നടത്തി വരുന്നതായും ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു: ഭക്ഷ്യസാധനക്ഷാമംകൊണ്ടു ജനങ്ങളും ഗവർമ്മെണ്ടും വിഷമിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ പരിപൂർണ്ണ സമാധാനം രാജ്യത്തുണ്ടായിരിക്കേണ്ടതാണെന്നുള്ള കാര്യം ഗവർമ്മെണ്ടു ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. പൊതുജനസമാധാനത്തിനു ബാധകമായ അക്ഷരപീഡനങ്ങൾ നടത്തുന്നവരോടു അതിൽ നിന്നു ഉടൻ തന്നെ വിരമിക്കണമെന്നും ജാഥാ മുതലായതു നടത്തുന്നവരോടു തൽക്കാലം പ്രസ്തുത സംരംഭങ്ങൾ മാററിവെക്കണമെന്നും നിർദ്ദേശിക്കയും.—

(സന്ദേശം അപൂർണ്ണം)

ഓം

ഗൃഹഭൂഷണവും ജീവിതമാർഗ്ഗദർശിനിയുമായ കൊല്ലം വിദ്യാഭിവർദ്ധിനി പ്രസ്സ്‌വക

1122-ാമാണ്ടത്തെ

പഞ്ചാംഗങ്ങൾ

*

1. പതിവുപോലെ പുലിയൂർ ബ്രഹ്മശ്രീ പി. എസ്സ്. പുരുഷോത്തമൻനമ്പൂതിരി അവർകളാൽ ഗണിക്കപ്പെട്ട 1122-ാമാണ്ടത്തെയും 5 ഫാറമുള്ളതും, 2 ഫാറമുള്ളതുമായ പഞ്ചാംഗങ്ങൾ തയ്യാറായിരിക്കുന്നു. മിഥുനം 1-ാംനു മുതൽ വില്പനയ്ക്കു തയ്യാർ.

2. വലിയ പഞ്ചാംഗത്തിന്റെ പേജുകൾ നാല്പതായി വർദ്ധിപ്പിച്ചിട്ട്, 1123-ലെ ചിങ്ങമാസത്തെ പഞ്ചാംഗത്തിനു പുറമെ, ചിത്രങ്ങളോടുകൂടിയ ഗൌളിശാസ്ത്രവും, ഗ്രഹപ്പകർച്ചകൾ മുതലായവ പ്രത്യേകം പ്രത്യേകമായി ചേർത്തിട്ടുണ്ട്.

3. മൊത്തമായി വാങ്ങുന്നവർക്ക് പതിവുപോലെ ആകർഷണീയമായ സൌജന്യങ്ങൾ നൽകുന്നതാണ്. എന്നാൽ കടലാസ്സിന്റെ ദൌർലഭ്യം മൂലം എല്ലാവരുടെയും ആവശ്യാനുസരണം സപ്ലൈ ചെയ്യുവാൻ നിവൃത്തിയില്ലാതെ വന്നേക്കാം. കൂടുതൽ വിവരങ്ങൾ മുഖദാവിലോ എഴുതിയോ ചോദിക്കുവിൻ.

എസ്സ്. ററി. റെഡ്യാർ & സൺസ്

വി. വി. പ്രസ്സ് & ബുക്കുഡിപ്പോ

കൊല്ലം. ബ്രാഞ്ച്:- ആലപ്പുഴ.

ശൂന്യമായിരുന്നു ഈ വാദമെന്നു പിന്നീടു കോർട്ടിനുതന്നെ ബോദ്ധ്യപ്പെട്ടു.

മാനേജ്മെണ്ടു തയ്യാറാക്കിയ ഒരു ലിസ്റ്റുപ്രകാരമുള്ള 34 പേർ ശ്രീ സാമുവൽ ആരോണിന്റെ ജീവഹാനി വരുത്താൻ തീരുമാനിച്ചിട്ടുള്ളവരാണെന്നും അവരെ ഒരു വിധത്തിലും തിരിച്ചെടുക്കുകയില്ലെന്നുമാണു മാനേജ്മെണ്ടു ശഠിച്ചതു്. അവസാനം ഇവരിൽ 6 പേർക്കു മില്ലിന്നകത്തു ജോലി കൊടുക്കാമെന്നും ബാക്കി 28 പേർക്കു പുറത്തെ കൊടുക്കുകയുള്ളുവെന്നും സമ്മതിച്ചു. ഇവരെല്ലാം യൂണിയനിലെ കമ്മററി മെമ്പർമാരോ പ്രധാന പ്രവർത്തകന്മാരോ ആണു്. ഇവരിൽ 6 പേരെ അകത്തെടുക്കാമെന്ന ഏററത്തിൽനിന്നു മാനേജ്മെണ്ടു കൊണ്ടുവന്ന അടിസ്ഥാനരഹിതമായ ആരോപണം പൊളിഞ്ഞിരിക്കുന്നു.

എന്നാൽ രണ്ടു വിട്ടുവീഴ്ചകൾ തൊഴിലാളികളുടെ ഭാഗത്തുനിന്നു ചെയ്തിട്ടുണ്ടു്. (1) 28 പേരെ കമ്പനിയുടെ അകത്തു പണിമുടക്കുകയില്ലെന്നുള്ളതു് (2) വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ യൂണിയനുമായി ദൈനംദിനബന്ധം വെക്കണമെന്ന മാനേജ്മെണ്ടിനെക്കൊണ്ടു സമ്മതിപ്പിച്ചില്ലെന്നതു്.

വമ്പിച്ച പ്രക്ഷോഭം വേണം

ഈ രണ്ടു സംഗതിയിലും അടങ്ങിയിരിക്കുന്ന അടിസ്ഥാനതത്വം യൂണിയനെ അംഗീകരിക്കുക എന്നതുതന്നെയാണു്. എന്നാൽ ജനകീയമന്ത്രിസഭ


## പ്രതീക്ഷിക്കുക.

# ഇടപ്പള്ളി

# യെപ്പററി

## സ്മരണകൾ

## ചങ്ങമ്പുഴ


യും രഞ്ജകബോർഡും എടുത്ത നയം മുൻവിവരിച്ചപ്രകാരമാകയാൽ തൊഴിലാളികളുടെ മുമ്പിൽ ആവിർഭവിച്ച പ്രശ്നം ജനകീയ മന്ത്രിസഭയെ ഈ അടിസ്ഥാനതത്വം ബോദ്ധ്യപ്പെടുത്തുന്നതുവരെ സമരം നീട്ടിക്കൊണ്ടുപോകണമോ, അതോ ഇന്നത്തെ സന്ധിവ്യവസ്ഥകൾ അംഗീകരിച്ചു കഴപ്പം തൽക്കാലം അവസാനിപ്പിക്കണമോ എന്നതാണു്. ഞങ്ങൾ രണ്ടാമത്തേതാണു സ്വീകരിച്ചതു്.

കാരണം, ജനകീയമന്ത്രിസഭയെ ടേക്കണ്ടുന്ന യഥാർത്ഥനില അവരെ ബോദ്ധ്യപ്പെടുത്തുന്നതിന്നു പാപ്പിനിശ്ശേരിയിൽ സമരം തുടർന്നുകൊണ്ടുപോകുകയല്ല വേണ്ടതു, എം. പി. ടി. യു. സി. യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ യൂനിയനുകളുടേയും ഒരുമിച്ചുള്ള ഒരു പ്രസ്ഥാനമാണെന്നു ഞങ്ങൾ കരുതുന്നു. ഇതിന്നുള്ള അടിസ്ഥാനം എം. പി. ടി. യു. സി. മന്ത്രിസഭക്കു നൽകിയ മെമ്മോറാണ്ടംകൊണ്ടുണ്ടായിട്ടുണ്ടു്.

അങ്ങിനെ യൂനിയനുകളെ അംഗീകരിപ്പിക്കുക, കൂലി നിജപ്പെടുത്തുക, ജോലിസ്ഥിരത നേടുക, തുണിതുടങ്ങിയ നിത്യോപയോഗസാധനങ്ങൾ മാനേജുമെൻറുകളും യൂനിയനുകളും സഹകരിച്ചുണ്ടാക്കുന്ന പ്ലാനു സരിച്ച ഉൽപാദിപ്പിക്കുക. തുടങ്ങിയതെല്ലാം നടപ്പായാൽ മാത്രമെ ഇന്നത്തെ ദുർഭിക്ഷം തീരുകയുള്ളു. വ്യവസായികസമാധാനം നിലനിൽക്കുകയുള്ളു.

— —

കെ. സുരേന്ദ്രൻ.

# നവോഷസ്സ്

(ഗദ്യകവിത.)

പരാജയമടഞ്ഞ യുഗാന്തരങ്ങളുടെ ശവകുടീരങ്ങൾ പിന്നിട്ടു് പിന്നിട്ടു്; അലസിപ്പോയ മഹോദയങ്ങളുടെ നിഷ്ഫല കലാശങ്ങൾ കണ്ടുകണ്ടു; ശിഥിലീകൃതങ്ങളായ യജ്ഞസഹസ്രങ്ങളുടെ അകാലസമാപ്തികൾ ദർശിച്ചു ദർശിച്ചു;

ഉഷസ്സേ! നവോഷസ്സേ! നീ ഇങ്ങുവന്നുചേരുന്നുവല്ലോ!;

നൂററാണ്ടുകളുടെ ത്യാഗസാന്ദ്രമായ കർമ്മസിദ്ധികൾ എന്റെ സംഭവത്തിനുവേണ്ടി കഠിനതപം ചെയ്തു;

നിന്റെ ദർശനത്തിനുവേണ്ടി മർദ്ദിതമായ മനുഷ്യത്വം മോചനോത്സുകതയോടെ ഇന്നും വെമ്പൽകൊള്ളുന്നു.

ശക്തിസ്വരൂപിണീ, വന്നാലും! സമത്വപ്രകാശിനി, വന്നാലും!!

കാർമേഘസമൂഹങ്ങൾ മേൽക്കുമേൽ ഉരുണ്ടുയരുന്നു; ഇരുണ്ട വൃക്ഷാഗ്രങ്ങൾ വിടർത്തി പർവ്വതശിഖരങ്ങൾ പൂർവ്വചക്രവാളത്തിനു് മറ ചമയ്ക്കുന്നു; അന്തരീക്ഷത്തിൽ പൊരിഞ്ഞുപാറുന്ന അഗ്നിസ്ഫുലിംഗങ്ങൾ കെടുത്തുവാൻ കനത്ത ഹിമപടലങ്ങൾ എങ്ങും പരന്നു പൊങ്ങുന്നു!

കർമ്മപ്രചോദിനീ!

രക്തസ്നാതമായ നിന്റെ മയൂഖപാണികളാൽ പ്രതിലോമസംരംഭങ്ങളുടെ ഹൃദയങ്ങൾ പിളർക്കുക! വിശ്വമെങ്ങും നിന്റെ ഊഷ്മളചൈതന്യം പ്രസരിപ്പിക്കുക.

2

പൊയ്പ്പോയ കാലങ്ങളുടെ, മൺമറഞ്ഞ തലമുറകളുടെ, ആതിത്ഥ്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചു ഇവർക്കായിക്കൊണ്ടു്,

നവയുവത്വമേ! കർമ്മചൈതന്യപ്രഭാവമേ! നീ എന്താണു് അപ്പിയ്ക്കുവാൻ പോകുന്നതു്?

കുടീരകോടികളിൽ അന്ത്യവിശ്രമംകൊള്ളുന്ന സ്വന്തം ചങ്ങാതികളെ സ്മരിച്ചുകൊണ്ടു്;

വിയന്മണ്ഡലത്തിൽ ആശ്രയംതേടി അലയുന്ന അവരുടെ ആത്മാക്കളെ സാക്ഷിനിർത്തിക്കൊണ്ടു്

ഞങ്ങൾ അപ്പണം ചെയ്യും; കഴിവിന്റെ അങ്ങേഅററംവരെ! ഓജസ്സിന്റെ അവസാന ചലനംവരെ!!

പൂജാപാത്രങ്ങളെല്ലാം ഞങ്ങൾ നിറച്ചിരിക്കുന്നു; ഒരിക്കലും ഒടുങ്ങാത്തവണ്ണം ഇതാ നിർഭരമാക്കിവച്ചിരിക്കുന്നു;

ഉത്തേജനത്തിന്റെ ശംഖനാദം മുഴക്കിക്കൊണ്ടു്; ശത്രു

## മി. പട്ടം ഏന്താനു് രാജ്യവ്യഖ്യാനം

(2-ാംപേജിൽനിന്നുതുടർച്ച)

ലജ്ജാകരമായ വാദഗതി എന്നല്ലാതെ ഇതിനെപ്പററി എന്തുപറയട്ടെ. തിരുവിതാംകൂറിലെ കമ്മ്യൂണിസ്റ്റുകൾ പ്രബലന്മാരാണത്രെ. ഇന്നലെ വരെ അവരുടെ പ്രാബല്യം മലബാറിലും പഞ്ചാബിലുമായിരുന്നു. ആ മുഷ്ക്കു് കഴിഞ്ഞ തെരഞ്ഞെടുപ്പിനു ശേഷം അൽപ്പമൊന്നു ശമിച്ചു. ഇനിയും തിരുവിതാംകൂറിലാണു് പരീക്ഷിച്ചുനോക്കുവാനുള്ളതു്.

പ്രാഥമികവിദ്യാഭ്യാസം.

തിരുവിതാംകൂർ ഗവർമ്മെൻറിന്റെ വിദ്യാഭ്യാസനയത്തിനു് സ്റ്റേററ് കാൺഗ്രസ്സ് എതിരാണെങ്കിലും മി. പട്ടം അനുകൂലിയാണെന്നാണു് ലേഖകൻ ധ്വനിപ്പിക്കുന്നതു്. എന്താണു് സ്റ്റേററ് കാൺഗ്രസ്സിന്റെ വിദ്യാഭ്യാസനയം. അതു് ആരുടേയും ഭാവനയിൽനിന്നു സൃഷ്ടിക്കാവുന്ന ഒന്നല്ല. ലിഖിതപെടുത്തിയിട്ടുള്ള ഒരു പ്രമേയമുണ്ടു്. ചില വർഗ്ഗീയവാദികൾ സ്വീകരിച്ചിട്ടുള്ള നിലയ്ക്കും അതിനെ താലോലിക്കുന്ന ചില ദേശീയവാദികളുടെ പ്രസംഗങ്ങൾക്കു് സ്റ്റേററ് കാൺഗ്രസ്സിന്റെ ഔദ്യോഗികമായ നയത്തോടു യാതൊരു ബന്ധവുമില്ല. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതാണു് ഗവർമ്മെൻറിന്റെ വിദ്യാഭ്യാസനയമെങ്കിൽ സ്റ്റേററ് കാൺഗ്രസ്സതിനെതിരല്ല. പ്രൈവററ് വിദ്യാലയങ്ങളേറെറടുത്തു നടത്തുവാൻ ഗവമ്മെൻറു തുനിയുന്നുണ്ടെങ്കിൽ അതിനും സ്റ്റേററ് കാൺഗ്രസ്സെതിരല്ല. വർഗ്ഗീയമായ അടിസ്ഥാനത്തിൽ നടത്തിവരുന്ന പല പ്രാഥമിക വിദ്യാലയങ്ങളും ഇന്നു് വിവിധ സമുദായങ്ങൾ ഗവമ്മെൻറിലേയ്ക്കു് വിട്ടുകൊടുത്തു തുടങ്ങിയിട്ടുണ്ടു്. അവ ഏറെറടുക്കുന്ന നയത്തിനെ സ്റ്റേററ് കാൺഗ്രസ്സ് എതിർക്കുന്നതു് യുക്തിശൂന്യവും ബുദ്ധിശൂന്യവുമാണു്. എന്നാൽ തിരുവിതാംകൂറിലെ 20 ലക്ഷത്തോളം വരുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നവിഷയത്തിൽ ചില പ്രത്യേക പരിഗണനകൾ ആവശ്യപ്പെട്ടപ്പോൾ അവ നിഷേധിക്കുവാൻ ഗവർമ്മെൻറു ഒരുങ്ങുന്നതിനെ സ്റ്റേററ് കാൺഗ്രസ്സ് എതിർക്കുന്നു. ഇതാണു് ഇന്നു സ്റ്റേററു കാൺഗ്രസ്സു സ്വീകരിച്ചിട്ടുള്ള നില. മി. പട്ടം താണുപിള്ള ഈ നയത്തിനെതിരായി ഒരു വാക്കുപോലും പരസ്യമായി പറഞ്ഞിട്ടുള്ളതു് എടുത്തുകാണിക്കുവാൻ ലേഖകനു കഴിയുമോ? ഇല്ലെങ്കിലദ്ദേഹം മി. താണുപിള്ളയോടു ക്ഷമായാചനം ചെയ്യേണ്ടതാണു്. അദ്ദേഹത്തിന്റെ പ്രചരണം അബദ്ധജടിലവും അസത്യപൂർണ്ണവുമെന്നു് പൊതുജനങ്ങൾ മുദ്രയടിക്കാതിരിക്കണമെങ്കിൽ അദ്ദേഹം തെളിവുകൾ സഹിതം അതിനെ സ്ഥിരീകരിക്കണം. അല്ലാതെ അനധികൃതമായ പ്രസ്താവനകൾചെയ്തു് ഇങ്ങിനെയൊരു ലേഖനംകൊണ്ടു സ്റ്റേററുകാൺഗ്രസ്സിൽ രാജവാഴ്ചനടത്താമെന്നു് അദ്ദേഹംതെററിദ്ധരിക്കുന്നുണ്ടെങ്കിൽ അതു കേവലം വ്യാമോഹമാണു്.


രുചികരമായ ഒന്നാംതരം

## തേയില

മൊത്തമായും ചില്ലറയായും ഇവിടെ വിൽക്കപ്പെടുന്നു.
മിതമായ വില—പലതരം ചരക്കു്

രാജാഷോപ്പു്. H. O. മൂവാററുപുഴ
B. O. പിറവം

Pro. —വി.എൻ. വാസുപിള്ള.
പിറവം

Reg. No. T. 66. **PRASANNAKERALAM** License No. 390 Dated 15-6-1939.

ഞങ്ങളുടെ നോവൽ പംക്തി

# ഐവാൻ നിക്കുലിൻ

## കഴിഞ്ഞകഥ

[റഷ്യൻ നാവികൻ, ഐവാൻ നിക്കുലിൻ അവധി കഴിഞ്ഞു് യുദ്ധരംഗത്തേക്കു് മടങ്ങുകയാണു്. തീവണ്ടിയിൽ വച്ചു കിട്ടിയ കൂട്ടുകാരുംകൂടെ അവർ ഒരു അഞ്ചുപേരുടെ ഒരു സംഘമായി. സാധാരണ വണ്ടികളിൽ സ്ഥലമില്ലാത്തതുകൊണ്ടു് യുദ്ധരംഗത്തേക്കു പോകുന്ന ഒരു സാമാനവണ്ടിയിൽ അവർ കയറിക്കൂടി. വഴിക്കു വച്ചു് ഒരു ഞരക്കത്തോടുകൂടി വണ്ടി നിന്നു. ജർമ്മൻകാരായിരിക്കുമോ എന്ന അവരുടെ അന്വേഷണത്തിനു് മറുപടിയായി പുറത്തുനിന്നു് തുടരെയുള്ള വെടിയുടെ ശബ്ദമാണു് കേട്ടതു്.

നിരായുധരായ ആ നാവികന്മാർ വയ്ക്കോലിനിടയിൽ ഒളിച്ചുകിടന്നു. ജർമ്മൻകാർ വണ്ടി പരിശോധിക്കുവാൻ അകത്തുകയറിയപ്പോൾ പെട്ടെന്നു് അവരെ ആക്രമിച്ചു് തോക്കുകൾ കൈവശപ്പെടുത്തി. ആ തോക്കുകളുമായി അവർ പുറത്തു ചാടി തീവണ്ടിയെ ആക്രമിച്ച ജർമ്മൻകാരിൽ അറുപത്തെട്ടു പേരെ കൊന്നു. പന്ത്രണ്ടു പേരെ തടവുകാരാക്കി. ഈ യുദ്ധത്തിൽ നിക്കുലിനു് നേതൃത്വം കൊടുക്കേണ്ടി വന്നു.

നിക്കുലിനും കൂട്ടരും രക്ഷിച്ച തീവണ്ടി മുന്നോട്ടയച്ചശേഷം അവർ അവിടെത്തന്നെ നിന്നു. ജർമ്മൻ തടവുകാരിൽ നിന്നും അവർ പാരച്യൂട്ടുകാരാണെന്നും ഇനിയും കൂടുതൽ ആളുകളെ നോക്കിയിരിക്കുന്നുണ്ടെന്നും മനസ്സിലാക്കി. അവരുടെ ആയുധങ്ങൾ ഒരു കൊക്കയിൽ ഒളിച്ചുവച്ചിരിക്കുന്നതു് നിക്കുലിനും കൂട്ടരും കണ്ടുപിടിച്ചു. അക്കൂട്ടത്തിൽ വിമാനം ഇറങ്ങുന്നതിനുള്ള അടയാളങ്ങളും ഉണ്ടായിരുന്നു. അവ ഒരു മൈതാനത്തു് നിരത്തിവച്ചു് അവർ കാത്തിരുന്നു. ഒരു വിമാനം പറന്നു വന്നു, അടയാളങ്ങൾ കണ്ടു എന്നു് അവരെ മനസ്സിലാക്കിയിട്ടു് തിരിച്ചുപോയി. ഇനി മുമ്പോട്ടു വായിക്കുക.]

### പടിഞ്ഞാറുനിന്നു് ജങ്കർ വിമാനങ്ങൾ!

"അതു കണ്ടിട്ടു് എന്തു തോന്നുന്നു" നിക്കുലിൻ സ്റ്റാഫ് പ്രധാനിയോടു് ചോദിച്ചു.

"മറ്റുള്ളവരെ കൊണ്ടുവരാൻ പോയിരിക്കുന്നു."

"ശരി. എല്ലാവരെയും വിളിച്ചുകൂട്ടുക. കൊക്കയിലിരിക്കുന്ന ജർമ്മൻ ആയുധസാമഗ്രികൾ എല്ലാം എടുത്തുകൊണ്ടുവരണം. പാരച്യൂട്ടുകൾ ഇരിക്കുന്നിടത്തുതന്നെ ഇരിക്കട്ടെ"

കാൽമണിക്കൂറിനകം ഉത്തരവുകൾ മുഴുവനും നിർവ്വഹിക്കപ്പെട്ടു. നിക്കുലിൻ കമ്മീസാറിനെയും സ്റ്റാഫ് പ്രധാനിയേയും വിളിച്ചു.

"എന്തു വേണമെങ്കിലും സംഭവിച്ചെന്നു വരാം" നിക്കുലിൻ പറഞ്ഞു. "അവർ പാരച്യൂട്ടുഭടന്മാരെ ഇറക്കിയെന്നു വരാം. ചിലപ്പോൾ ട്രാൻസ്പോർട്ടു് വിമാനങ്ങളായിരിക്കും അയയ്ക്കുന്നതു്. പാരച്യൂട്ടുകാരാണെങ്കിൽ അവർ ആകാശത്തിലായിരിക്കുമ്പോൾ തന്നെ വെടിവയ്ക്കുക. ട്രാൻസ്പോർട്ടുവിമാനങ്ങളാണെങ്കിൽ അവർ താഴെ ഇറങ്ങുന്നതുവരെ വെടിവച്ചുകൂടാ. നമ്മുടെ സംഘത്തെ നാലായി ഭാഗിക്കണം. ഒന്നാമത്തേതിനെ ഞാൻ നയിച്ചുകൊള്ളാം. രണ്ടാമത്തേതു് ക്ലെവ്റഡോവ്, മൂന്നാമത്തേതു് ഫോമിച്ചാവും. ഷൂക്കോവ് നാലാമത്തേതിനെയും നയിക്കാം. ഓരോ സംഘത്തിനും രണ്ടു് മെഷീൻ തോക്കുകൾ വീതം. വിമാനം ഇറങ്ങാനുള്ള അടയാളങ്ങൾ കൊണ്ടു് കാണിച്ചിരിക്കുന്ന സ്ഥലം നമുക്കു് വളയണം. മെഷീൻ തോക്കുകൾ നേരത്തെ പരിശോധിച്ചുവച്ചുകൊള്ളൂ."

വളരെ വേഗത്തിൽ നിക്കുലിൻ സ്ഥലം മുഴുവനും ഒന്നു് പരിശോധിച്ചു. എല്ലാ ഭാഗങ്ങളിലും പോയി ഓരോരുത്തരുടെ ജോലിക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി. നിക്കുലിന്റെ സംഘം ഒരു വയ്ക്കോൽ തുറുവിന്റെ മറവിൽ സ്ഥാനമുറപ്പിച്ചു.

വളരെ താഴ്ന്ന ഒരു മൂളൽ ശബ്ദം കേട്ടുതുടങ്ങി. വികാരത്തള്ളലോടുകൂടി ഖാർച്ചെങ്കോ വിളിച്ചുപറഞ്ഞു. "ട്രാൻസ്പോർട്ടുകൾ! ജങ്കർ പുതു മോഡൽ. പടിഞ്ഞാറുനിന്നു് വരുന്നു"

....ഭയങ്കരമായ ഒരു ഇരമ്പലോടുകൂടി ആ വിമാനങ്ങൾ ആകാശത്തിൽ വട്ടമിട്ടു. നാവികന്മാർ അവരുടെ മെഷീൻതോക്കുകളുമായി കാത്തുനിന്നു.

ഒന്നാമത്തെ വിമാനം പ്രൊപ്പല്ലർ കറക്കിക്കൊണ്ടു് നിലത്തിറങ്ങി, വയ്ക്കോൽ തുറുവിന്റെ നേരെ ഓടി. അതു് നില്ക്കുന്നതിനു് മുമ്പുതന്നെ രണ്ടാമത്തെയും മൂന്നാമത്തെയും വിമാനങ്ങൾ ഇറങ്ങിക്കഴിഞ്ഞിരുന്നു. അടുത്ത ക്ഷണത്തിൽ എട്ടുമെഷീൻ തോക്കുകളിൽ നിന്നു് ഒരു അഗ്നിപ്രളയം അവയുടെ നേരെ പ്രവഹിച്ചു. യന്ത്രങ്ങളിലും ബോഡിയിലും ചിറകുകളിലും പെട്രോൾ ടാങ്കുകളിലും വെടിയുണ്ടകൾ തുരുതുരെ പതിച്ചു. നിന്നിട്ടില്ലാതിരുന്ന ഒരു ജങ്കർ പറന്നുപോകാനായി വേഗത വർദ്ധിപ്പിച്ചു. പക്ഷേ ദൂരത്തു നിന്നുള്ള ഒരു വെടി അതിന്റെ ഹൃദയത്തിൽ തന്നെ കൊണ്ടു. അതിനു് തീ പിടിച്ചു.

അങ്ങിനെയാണാസമരം തുടങ്ങിയതു്. വയ്ക്കോൽ തുറുവിന്റെ അടുത്തു് നിറുത്തിയ വിമാനത്തിന്റെ നേരേ നിക്കുലിനും കൂട്ടരും വെടിവച്ചു. അതിന്റെ എഞ്ചിനും ബോഡിയും തീ പിടിച്ചു. തീജ്വാല കൊണ്ടു് പൊതിഞ്ഞ ആ വിമാനത്തിനുള്ളിൽ നിന്നു് ടോമിതോക്കുകൾ പുറത്തു ചാടിയതും നിക്കുലിന്റെ ഉണ്ടകൾ അവരെ അരിഞ്ഞു വീഴ്ത്തിയതും ഒപ്പം കഴിഞ്ഞു.

പക്ഷേ ഒരു കാര്യം നാവികന്മാർ കണക്കു കൂട്ടിയിരുന്നില്ല. ടോമിതോക്കുകാരെ കൂടാതെ, ചെറിയ ടാങ്കുകളും ജർമ്മൻകാർ ആകാശം വഴി കൊണ്ടു വന്നിട്ടുണ്ടായിരുന്നു. വിമാനത്തിന്റെ അടിയിൽനിന്നു് ഒരു പൊക്കം കുറഞ്ഞ ടാങ്കു് ഇഴഞ്ഞിറങ്ങി, തുരുതുരെ വെടി വച്ചുകൊണ്ടു് വയ്ക്കോൽ തുറുവിന്റെ നേരേ തിരിഞ്ഞു. ആ സമയത്തു് നിക്കുലിൻ ആലോചിച്ചു, നില്ക്കുകയോ മതിമറന്നു് പോകുകയോ ചെയ്തിരുന്നെങ്കിൽ എല്ലാം നശിക്കുമായിരുന്നു. പക്ഷേ നേതൃത്വം ഏറ്റെടുത്തതു മുതൽ നിക്കുലിന്റെ ചിന്തകൾ സമരത്തിൽതന്നെ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വികാരങ്ങളും വിചാരങ്ങളും ഒന്നുകൂടി തീക്ഷ്ണങ്ങളായി. ശരിയായ മാർഗ്ഗം കണ്ടുപിടിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും നിക്കുലിനു് അധികം താമസം വന്നില്ല. ആരോ അദ്ദേഹത്തെ മുന്നോട്ടു് നയിച്ചുകൊണ്ടിരുന്നതുപോലെ തോന്നി.

"ഞാൻ മരിച്ചാൽ സംഘത്തിന്റെ നേതൃത്വം ഏറ്റെടുത്തു കൊള്ളണം." അദ്ദേഹം ക്രൈലോവിനോടാജ്ഞാപിച്ചു.

തിടുക്കത്തിലെങ്കിലും, വളരെ ശാന്തതയോടുകൂടി, രണ്ടു കെട്ടു് കൈബോംബുകളുമെടുത്തു് പാഞ്ഞുവരുന്ന ടാങ്കിനെ സ്വാഗതം ചെയ്യുവാൻ മുമ്പോട്ടു പാഞ്ഞു. ഉണ്ടകൾ അദ്ദേഹത്തിന്റെ ചുറ്റും വീണുകൊണ്ടിരുന്നു. പക്ഷേ ആ നിമിഷത്തിൽ ഭയത്തിന്റെ ലാഞ്ഛനപോലും അദ്ദേഹത്തെ തീണ്ടിയില്ല. സ്വന്തം അപകടത്തെ കുറിച്ചു് അദ്ദേഹത്തിനു് ഒരു ചിന്തയും ഇല്ലായിരുന്നു. നേരെ മറിച്ചു് ആ ബഹളത്തിനിടയിൽ ഒരു നിമിഷം കിട്ടിയിരുന്നെങ്കിൽ, പൊട്ടിച്ചിരിക്കത്തക്ക ആനന്ദമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്.

നിക്കുലിൻ ആ ബോംബു കെട്ടു് ആഞ്ഞു് മുമ്പോട്ടെറിഞ്ഞു. തെറിക്കുന്ന ചില്ലുകളിൽ നിന്നു് രക്ഷനേടുവാൻ അദ്ദേഹം ഏറോടുകൂടി തന്നെ കമഴ്ന്നു കിടന്നു. ആദ്യത്തെ കെട്ടിൽ ഒരു വശത്തെ ട്രെഡിൽ (ടാങ്കിന്റെ നീണ്ട ഉരുക്കു ടയർ) വീണു് അതു് പൊട്ടിത്തെറിച്ചു. ടാങ്കു് ഒന്നു കറങ്ങി, ചെരിഞ്ഞു് അവിടെത്തന്നെ നിന്നുപോയി. രണ്ടാമത്തെ കെട്ടു് ടാങ്കിന്റെ നടുക്കുതന്നെ വീണു. ടാങ്കിൽ നിന്നുള്ള വെടിയും അവസാനിച്ചു.

ആനന്ദം കൊണ്ടും, ആവേശം കൊണ്ടും മദ്യപനെപോലെ മുഖം തുടുത്തു ചുവന്നു് നിക്കുലിൻ വയ്ക്കോൽ തുറുവിനടുത്തേയ്ക്കു് മടങ്ങി.

(തുടരും)

---

സംഹാരത്തിന്റെ സുദർശന ചക്രം ചുഴററിക്കൊണ്ടു്; അക്ഷയൈശ്വര്യത്തിന്റെ കനകപങ്കജങ്ങൾ വർഷിച്ചുകൊണ്ടു്;

ഉഷസ്സേ! നവോഷസ്സേ! നീ ഉണ്ടു്. എഴുന്നള്ളിയാലും!!

---

അടുത്ത ലക്കത്തിൽ

**മി. സി. നാരായണ പിള്ളയ്ക്കു മറുപടി**

സി. ജെ. തോമസ്

Printed at the Powra Dhwany Press, Kottayam& Published by Anjiliparampil Kumaran at Kottayam.